# ക്രിസ്തുവിനെ അനുഭമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (1)

ദൂത് ആറ്

## ദൈവവചനമായ ക്രിസ്തു

EM *Hymns*: ML71

തിരുവെഴുത്ത് വായന: യോഹ. 1:1, 3-5, 14, 16-18, 29, 32, 42, 51

യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

യോഹ. 1:3 സകലവും അവനിലൂടെ ഉളവായി, ഉളവായിരിക്കുന്നത് ഒന്നും അവനിൽനിന്ന് വേറിട്ട് ഉളവായതല്ല.

യോഹ. 1:4 അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു.

യോഹ. 1:5 വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു, ഇരുൾ അതിനെ ജയിച്ചതുമില്ല.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

യോഹ. 1:17 ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

യോഹ. 1:18 ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു.

യോഹ. 1:29 പിറ്റെന്നാൾ യേശു തന്റെ അടുക്കലേക്ക് വരുന്നത് കണ്ടിട്ട് അവൻ പറഞ്ഞു, ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്!

യോഹ. 1:32 യോഹന്നാൻ സാക്ഷ്യപ്പെടുത്തി പറഞ്ഞത്, ആത്മാവ് പ്രാവെന്നപോലെ ആകാശത്തുനിന്ന് ഇറങ്ങിവരുന്നത് ഞാൻ കണ്ടു, അവൻ അവന്റെ മേൽ വസിച്ചു.

യോഹ. 1:42 അവൻ അവനെ യേശുവിന്റെ അടുക്കലേക്ക് നയിച്ചു. അവനെ നോക്കിയിട്ട് യേശു, നീ യോഹന്നാന്റെ പുത്രനായ ശിമോൻ ആകുന്നു; നീ കേഫാ (അത് പത്രൊസ് എന്നു വ്യാഖ്യാനിക്കപ്പെടുന്നു) എന്നു വിളിക്കപ്പെടും എന്നു പറഞ്ഞു.

യോഹ. 1:51 അവൻ അവനോട്, സത്യമായി, സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രനുമേൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നു പറഞ്ഞു.

**I. യോഹന്നാൻ അധ്യായം 1 യോഹന്നാന്റെ മുഴുവൻ സുവിശേഷത്തിന്റെ ആമുഖമാണ്, ഈ ആമുഖത്തിന്റെ പ്രധാന ഊന്നൽ ക്രിസ്തു ദൈവത്തിന്റെ വചനം—മാർമികനും അദൃശ്യനുമായ ദൈവത്തിന്റെ നിർവചനവും, വിശദീകരണവും, ആവിഷ്കാരവും—ആകുന്നു എന്നാണ്—വാ. 1:**

യോഹ 1 be omitted.

യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

A. ദൈവവചനമെന്ന നിലയിൽ ക്രിസ്തു വലിയവനായ ഞാൻ ആകുന്നവൻ, സ്വയം നിലനിൽക്കുന്നവനും എന്നേക്കും നിലനിൽക്കുന്നവനും ആണ്; അവൻ

ആരംഭമോ അവസാനമോ ഇല്ലാത്ത നിത്യനാണ്—പുറ. 3:14-15; യോഹ. 8:24, 28, 58; എബ്രാ. 7:3.

പുറ. 3:14 അതിന്നു ദൈവം മോശെയോടു: ഞാൻ ആകുന്നവൻ ഞാൻ ആകുന്നു; ഞാൻ ആകുന്നു എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നിങ്ങനെ നീ യിസ്രായേൽമക്കളോടു പറയേണം എന്നു കല്പിച്ചു.

പുറ. 3:15 ദൈവം പിന്നെയും മോശെയോടു അരുളിച്ചെയ്തതെന്തന്നാൽ: നീ യിസ്രായേൽമക്കളോടു ഇപ്രകാരം പറയേണം: അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു; ഇതു എന്നേക്കും എന്റെ നാമവും തലമുറതലമുറയായി എന്റെ ജ്ഞാപകവും ആകുന്നു.

യോഹ. 8:24 അതുകൊണ്ട് നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും എന്നു ഞാൻ പറഞ്ഞു; ഞാൻ ആകുന്നു എന്നു നിങ്ങൾ വിശ്വസിക്കാഞ്ഞാൽ, നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും.

യോഹ. 8:28 അതുകൊണ്ട് യേശു അവരോട് പറഞ്ഞു, നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തുമ്പോൾ, ഞാൻ ആകുന്നു എന്നും, എന്നിൽനിന്ന് ഞാൻ ഒന്നും ചെയ്യാതെ, എന്റെ പിതാവ് എന്നെ ഉപദേശിച്ചതുപോലെ ഞാൻ ഈ കാര്യങ്ങൾ സംസാരിക്കുന്നുവെന്നും നിങ്ങൾ അറിയും.

യോഹ. 8:58 യേശു അവരോട്, സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, അബ്രാഹാം ഉളവായതിനുമുമ്പേ, ഞാൻ ആകുന്നു എന്നു പറഞ്ഞു.

എബ്രാ. 7:3 അവനു പിതാവില്ല, മാതാവില്ല, വംശാവലിയില്ല; നാളുകളുടെ ആരംഭമോ ജീവന്റെ അവസാനമോ ഇല്ല, പിന്നെയോ ദൈവപുത്രനോടു സദൃശനായ, ഒരു പുരോഹിതനായി ശാശ്വതമായി വസിക്കുന്നു.

B. നിത്യതയുടെ രണ്ട് ഭാഗങ്ങളോടും സമയത്തിന്റെ പാലത്തോടുംകൂടെ, പ്രപഞ്ചത്തിന്റെ ചരിത്രത്തിലെ മഹത്തായ അഞ്ച് സംഭവങ്ങളിൽ—സൃഷ്ടിപ്പ്, ജഡാവതാരം, വീണ്ടെടുപ്പ്, അഭിഷേകം, കെട്ടിടം—യോഹന്നാൻ 1 ക്രിസ്തുവിനെ സൂചിപ്പിക്കുന്നു—പ്ര.നി. സങ്കീ. 90:1-2; മീഖാ 5:2:

യോഹ 1 be omitted.

സങ്കീ. 90:1 നാലാം പുസ്തകം. ദൈവപുരുഷനായ മോശെയുടെ ഒരു പ്രാർത്ഥന. കർത്താവേ, നീ തലമുറതലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു;

സങ്കീ. 90:2 പർവ്വതങ്ങൾ ഉണ്ടായതിന്നും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിന്നും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു.

മീഖാ. 5:2 നീയോ, ബേത്ത്ലേഹേം എഫ്രാത്തേ, നീ യെഹൂദാസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽനിന്നു ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ.

1. യോഹന്നാന്റെ മുഴുവൻ പുസ്തകത്തിന്റെയും ഒരു അവതാരികയെന്ന നിലയിൽ യോഹന്നാൻ 1, കഴിഞ്ഞകാല നിത്യതയിൽ വചനവും,

ആത്യന്തികമായി ഭാവികാല നിത്യതയിൽ പുതിയ യെരൂശലേമും ആയിത്തീരുന്ന “യാത്ര ചെയ്യുന്ന” ത്രിയേക ദൈവത്തിന്റെ ചരിത്രത്തിന്റെ ഒരു സംഗ്രഹമാണ്—വാ. 1, 4-5, 51.

യോഹ 1 be omitted.

യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

യോഹ. 1:4 അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു.

യോഹ. 1:5 വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു, ഇരുൾ അതിനെ ജയിച്ചതുമില്ല.

യോഹ. 1:51 അവൻ അവനോട്, സത്യമായി, സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രനുമേൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നു പറഞ്ഞു.

2. തന്റെ നൈതിക വീണ്ടെടുപ്പ് നിവർത്തിക്കുന്നതിനുവേണ്ടി ജഡമായിത്തീരുന്നതിനും; തന്റെ ജൈവികരക്ഷ നടപ്പിലാക്കുന്നതിനുവേണ്ടി അഭിഷേകംചെയ്യുന്നതും, ജീവൻ-നൽകുന്നതും, രൂപാന്തരപ്പെടുത്തുന്നതുമായ ആത്മാവായിത്തീരുന്നതിനും; ആത്യന്തികമായി, ദൈവത്തിന്റെയും മനുഷ്യന്റെയും പരസ്പര വാസസ്ഥലമായ ആത്യന്തിക ബെഥേൽ ആയ പുതിയ യെരൂശലേമായിത്തീരുവാൻ തന്റെ വീണ്ടുംജനിപ്പിക്കപ്പെട്ടവരും, രൂപാന്തരപ്പെട്ടവരും, തേജസ്കരിക്കപ്പെട്ടവരുമായ മണവാട്ടിയുമായി പൂർണ്ണമായി ഐക്യപ്പെടുവാനും, ഇഴുകിച്ചേരുവാനും, സംയോജിപ്പിക്കപ്പെടുവാനുമായി അവന്റെ സൃഷ്ടിപ്പിന്റെ വേലയിലും സമയത്തിന്റെ പാലത്തിലൂടെയുള്ള അവന്റെ യാത്രയിലുമുള്ള നിത്യവചനത്തെ യോഹന്നാൻ 1 ക്രിസ്റ്റലീകരിക്കപ്പെട്ട രീതിയിൽ നമുക്ക് കാണിച്ചുതരുന്നു.

യോഹ 1 be omitted.

C. (1) സൃഷ്ടിപ്പിലെ സ്രഷ്ടാവും, (2) ജഡാവതാരത്തിൽ നമ്മുടെ ഇടയിൽ വസിച്ച മനുഷ്യനും, (3) വീണ്ടെടുപ്പിലുള്ള കുഞ്ഞാടും, (4) രൂപാന്തരത്തിലുള്ള അഭിഷേകം ചെയ്യുന്ന ആത്മാവും, (5) ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി ഭൂമിയെ സ്വർഗത്തിലേക്ക് യോജിപ്പിക്കുന്ന ഗോവണിയും—എന്ന ഈ അഞ്ച് സാർവത്രികവും ചരിത്രപരവുമായ സംഭവങ്ങളിൽ ദൈവത്തിന്റെ വചനമായ ക്രിസ്തു അദൃശ്യനായ ദൈവത്തെ നിർവചിക്കുകയും, വിശദീകരിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുന്നു—പ്ര.നി. വാ. 1; 10:35; എഫെ. 6:17; യോഹ. 6:63.

യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

യോഹ. 10:35 ദൈവവചനം തങ്ങളുടെ അടുക്കൽ വന്നവരോട്, അവർ ദേവന്മാരാകുന്നു എന്ന് അവൻ പറഞ്ഞു എങ്കിൽ, തിരുവെഴുത്ത് ലംഘിക്കുവാൻ കഴിയില്ലല്ലോ,

എഫെ. 6:17 രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു,

യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും

പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

## II. ദൈവത്തിന്റെ വചനമായ ക്രിസ്തു തന്റെ സൃഷ്ടിയിലൂടെ ദൈവത്തിനുവേണ്ടി സംസാരിക്കുന്നു—1:3:

യോഹ. 1:3 സകലവും അവനിലൂടെ ഉളവായി, ഉളവായിരിക്കുന്നത് ഒന്നും അവനിൽനിന്ന് വേറിട്ട് ഉളവായതല്ല.

A. “ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു. പകൽ പകലിന് വാക്ക് പൊഴിക്കുന്നു; രാത്രി രാത്രിക്ക് അറിവു കൊടുക്കുന്നു. ഭാഷണമില്ല, വാക്കുകളില്ല; ശബ്ദം കേൾപ്പാനുമില്ല”—സങ്കീ. 19:1-3.

B. "അവർ ഒഴികഴിവില്ലാത്തവർ ആകേണ്ടതിന് അവന്റെ അദൃശ്യ കാര്യങ്ങളായ, അവന്റെ നിത്യ ശക്തിയും ദിവ്യ സവിശേഷതയും, ലോകസൃഷ്ടി മുതൽ, ഉണ്ടാക്കിയ കാര്യങ്ങളാൽ ഗ്രഹിച്ചുകൊണ്ട്, വ്യക്തമായി കാണപ്പെട്ടിരിക്കുന്നു”—റോമ. 1:20.

C. പ്രവൃത്തികൾ 14:15-17-ലും 17:24-29-ലും പരാമർശിച്ചിരിക്കുന്നത് ക്രിസ്തുവിന്റെ സൃഷ്ടിപ്പ് ദൈവത്തിനുവേണ്ടി സംസാരിക്കുന്നു എന്ന ഒരേ ഉദ്ദേശ്യം നിർവഹിക്കുന്നതായി വെളിപ്പെടുത്തുന്നു—പ്ര.നി. എബ്രാ. 11:3; 1:2; കൊലൊ. 1:15-17; ഹഗ്ഗാ. 2:7.

പ്രവൃ. 14:15 പുരുഷന്മാരേ, നിങ്ങൾ ഈ കാര്യങ്ങൾ ചെയ്യുന്നത് എന്തിന്? ഞങ്ങളും നിങ്ങളെപ്പോലെ സമസ്വഭാവമുള്ള മനുഷ്യരാകുന്നു, നിങ്ങൾ ഈ വ്യർഥമായ കാര്യങ്ങളിൽനിന്ന് ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും നിർമിച്ച ജീവനുള്ള ദൈവത്തിലേക്ക് തിരിയേണമെന്ന് നിങ്ങളോട് സുവിശേഷം അറിയിക്കുന്നു.

പ്രവൃ. 14:16 കഴിഞ്ഞുപോയ തലമുറകളിൽ അവൻ സകല ജാതികളെയും തങ്ങളുടെ വഴികളിൽ പോകുവാൻ അനുവദിച്ചു.

പ്രവൃ. 14:17 എങ്കിലും അവൻ ആകാശത്തിൽനിന്ന് മഴയും ഫലപുഷ്ടിയുള്ള കാലങ്ങളും നൽകി, നിങ്ങളുടെ ഹൃദയങ്ങളെ ഭക്ഷണവും ആനന്ദവും കൊണ്ട് നിറച്ചു, നിങ്ങൾക്ക് നന്മ ചെയ്തിരിക്കുന്നതിൽ അവൻ തനിക്കുതന്നെ സാക്ഷിയില്ലാതെ വിട്ടില്ല.

പ്രവൃ. 17:24 ലോകവും അതിലുള്ള സകലവും നിർമിച്ച ദൈവം, സ്വർഗത്തിനും ഭൂമിക്കും കർത്താവ് ആയിരിക്കുന്നതിനാൽ, കൈകളാൽ നിർമിച്ച ആലയങ്ങളിൽ വസിക്കുന്നില്ല;

പ്രവൃ. 17:25 താൻ എല്ലാറ്റിനും ജീവനും ശ്വാസവും സകലവും നൽകുന്നതിനാൽ, അവന് എന്തെങ്കിലും അധികമായി വേണ്ടിയിട്ട്, മനുഷ്യ കരങ്ങളാൽ സേവിക്കപ്പെടുന്നില്ല.

പ്രവൃ. 17:26 സർവഭൂമുഖത്തും വസിക്കുവാൻ അവൻ ഒരുവനിൽനിന്ന് മനുഷ്യരുടെ സകല ജാതിയെയും ഉണ്ടാക്കി, അവർക്ക് നിയമിക്കപ്പെട്ട കാലങ്ങളും അവരുടെ നിവാസത്തിന് അതിരുകളും മുന്നമേ നിർണയിച്ചു,

പ്രവൃ. 17:27 നമ്മിൽ ഓരോരുത്തനിൽ നിന്നും അവൻ അകലെ അല്ലെങ്കിൽപോലും, അവനെ തപ്പിനോക്കി കണ്ടെത്തുമെന്നുവച്ച്, അവർ ദൈവത്തെ അന്വേഷിക്കേണ്ടതിനു തന്നെ;

പ്രവൃ. 17:28 എന്തെന്നാൽ നാം അവനിൽ ജീവിക്കുകയും ചലിക്കുകയും

ആയിരിക്കുകയും ചെയ്യുന്നു, നിങ്ങളുടെ ചില കവികളും പറഞ്ഞിട്ടുള്ളതുപോലെ, നാമും അവന്റെ വംശം ആകുന്നു.

പ്രവൃ. 17:29 അങ്ങനെ ദൈവത്തിന്റെ വംശം ആയതിനാൽ, നാം ദിവ്യമായതിനെ, പൊന്നോ വെള്ളിയോ കല്ലോപോലെ, കൗശലപ്പണിയും മനുഷ്യന്റെ ചിന്തയും പോലെയാണെന്നു കരുതരുത്.

എബ്രാ. 11:3 വിശ്വാസത്താൽ, പ്രപഞ്ചം ദൈവവചനത്താൽ നിർമിക്കപ്പെട്ടു എന്ന് നാം മനസ്സിലാക്കുന്നു, അങ്ങനെ ദൃശ്യമായത് പ്രത്യക്ഷമായവയിൽ നിന്നല്ല ഉളവായിരിക്കുന്നത്.

എബ്രാ. 1:2 ഈ നാളുകളുടെ അന്ത്യത്തിൽ പുത്രനിൽ നമ്മോടു സംസാരിച്ചു, അവനെ സകലത്തിനും അവകാശിയായി അവൻ നിയമിക്കുകയും, അവനിലൂടെ അവൻ പ്രപഞ്ചത്തെ ഉണ്ടാക്കുകയും ചെയ്തു;

കൊലൊ. 1:15 അവൻ അദൃശ്യനായ ദൈവത്തിന്റെ സ്വരൂപവും, സകല സൃഷ്ടിയിലും ആദ്യജാതനും ആകുന്നു,

കൊലൊ. 1:16 സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതും, ദൃശ്യമായതും അദൃശ്യമായതും, സിംഹാസനങ്ങളാകട്ടെ കർത്തൃത്വങ്ങളാകട്ടെ വാഴ്ച്ചകളാകട്ടെ അധികാരങ്ങളാകട്ടെ, സകലവും അവനിലല്ലോ സൃഷ്ടിക്കപ്പെട്ടത്; സകലവും അവൻ മുഖാന്തരവും അവങ്കലേക്കും സൃഷ്ടിക്കപ്പെട്ടു.

കൊലൊ. 1:17 അവൻ സകലത്തിനും മുമ്പേയുള്ളവൻ, സകലവും അവനിൽ സംസക്തമായിരിക്കുന്നു;

ഹഗ്ഗാ. 2:7 ഞാൻ സകലജാതികളെയും ഇളക്കും; സകലജാതികളുടെയും മനോഹരവസ്തു വരികയും ചെയ്യും; ഞാൻ ഈ ആലയത്തെ മഹത്വപൂർണ്ണമാക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.

**III. ദൈവത്തിന്റെ വചനമായ ക്രിസ്തു ദൈവത്തിന്റെ കൂടാരമെന്ന നിലയിൽ ജഡാവതാരത്തിലൂടെ ദൈവത്തിനുവേണ്ടി സംസാരിക്കുന്നു—യോഹ. 1:14:**

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

A. വചനം ജഡാവതാരം ചെയ്തതിലൂടെ ദൈവത്തെ മനുഷ്യവർഗത്തിലേക്ക് കൊണ്ടുവരിക മാത്രമല്ല, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി മനുഷ്യരുടെ ഇടയിൽ ഭൂമിയിലുള്ള ദൈവത്തിന്റെ വാസസ്ഥലമായി ദൈവത്തിന് ഒരു കൂടാരമായിത്തീരുകയും ചെയ്തു.

1. ദൈവം എന്താണെന്നതിനനുസരിച്ച് ന്യായപ്രമാണം മനുഷ്യന്റെ മേൽ ആവശ്യകതകൾ ഉന്നയിക്കുന്നു; ദൈവം ആവശ്യപ്പെടുന്ന കാര്യങ്ങൾ നിറവേറ്റുവാൻ കൃപ, ദൈവം ആയിരിക്കുന്നതിനെകൊണ്ട് മനുഷ്യന് സഹായം നൽകുന്നു—വാ. 17.

   യോഹ. 1:17 ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

2. "അവന്റെ നിറവിൽനിന്ന് നമുക്കെല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു"—വാ. 16.

B. അവൻ ജഡമായിത്തീർന്നതിലൂടെ, ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരികയും ദൈവത്തെ ബന്ധപ്പെടുവാനും, സ്പർശിക്കുവാനും, സ്വീകരിക്കുവാനും, അനുഭവമാക്കുവാനും, പ്രവേശിക്കുവാനും, ആസ്വദിക്കുവാനും കഴിയുന്നവനാക്കിക്കൊണ്ട്, ത്രിയേക ദൈവത്തിന്റെ ദേഹരൂപമായിത്തീർന്നു.

C. ദിവ്യത്വത്തെ മനുഷ്യത്വത്തിലേക്ക് കൊണ്ടുവരികയും ദിവ്യത്വത്തെ മനുഷ്യത്വവുമായി ഇഴുകിച്ചേർക്കുകയും ചെയ്തുകൊണ്ട് അവൻ ഒരു ദൈവ-മനുഷ്യനായിത്തീർന്നു.

D. ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ ജഡാവതാരം ദൈവത്തെ വചനത്തിലും, ജീവനിലും, വെളിച്ചത്തിലും, കൃപയിലും, യാഥാർഥ്യത്തിലും മനുഷ്യനോട് പ്രഖ്യാപിക്കുന്നതിനു (വിശദീകരിക്കുന്നതിന്) വേണ്ടിയും കൂടിയാണ്—വാ. 18:

യോഹ. 1:18 ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു.

1. ആവിഷ്കരിക്കപ്പെടുകുയും, വിശദമാക്കപ്പെടുകയും, നിർവചിക്കപ്പെടുകയും ചെയ്ത ദൈവമാണ് വചനം; അങ്ങനെ മനുഷ്യൻ ദൈവത്തെ മനസ്സിലാക്കുന്നു.
2. പകരപ്പെട്ട ദൈവമാണ് ജീവൻ, അങ്ങനെ മനുഷ്യൻ ദൈവത്തെ സ്വീകരിക്കുന്നു.
3. പ്രകാശിക്കുന്ന ദൈവമാണ് വെളിച്ചം, അങ്ങനെ ദൈവത്തിൽ പങ്കുചേരുവാൻ മനുഷ്യൻ പ്രകാശിപ്പിക്കപ്പെടുന്നു.
4. മനുഷ്യനാൽ ആസ്വദിക്കപ്പെടുന്ന ദൈവമാണ് കൃപ, അങ്ങനെ മനുഷ്യൻ ദൈവത്തിന്റെ ധനത്തിൽ പങ്കുകൊള്ളുന്നു.
5. മനുഷ്യനാൽ സാക്ഷാൽക്കരിക്കപ്പെടുന്ന ദൈവമാണ് യാഥാർഥ്യം, അങ്ങനെ മനുഷ്യൻ ദൈവത്തെ ഗ്രഹിക്കുകയും അറിയുകയും ചെയ്യുന്നു.

**IV. വീണ്ടെടുപ്പിനുവേണ്ടി ദൈവത്തിന്റെ കുഞ്ഞാടായിത്തീർന്നതിലൂടെ ദൈവവചനമായ ക്രിസ്തു ദൈവത്തിനു വേണ്ടി സംസാരിക്കുന്നു—വാ. 29, 36:**

യോഹ. 1:29 പിറ്റെന്നാൾ യേശു തന്റെ അടുക്കലേക്ക് വരുന്നത് കണ്ടിട്ട് അവൻ പറഞ്ഞു, ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്!

യോഹ. 1:36 യേശു നടന്നുപോകുന്നത് കണ്ടിട്ട്, ഇതാ, ദൈവത്തിന്റെ കുഞ്ഞാട്! എന്ന് അവൻ പറഞ്ഞു.

A. നഷ്ടപ്പെട്ടുപോയ ലോകത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി അവൻ കുഞ്ഞാടായിത്തീർന്നതിലൂടെ, തന്റെ നീതിക്കൊത്തവണ്ണമുള്ള നടപടിക്രമമായ തന്റെ മരണത്തിലൂടെ തന്റെ വീണ്ടെടുപ്പ് ദൈവം നൈതികമായി എങ്ങനെ നിവർത്തിച്ചുവെന്ന് ക്രിസ്തു നമ്മോട് സംസാരിക്കുന്നു.

B. ദൈവത്തിന്റെ പൂർണ്ണ വീണ്ടെടുപ്പ് നിവർത്തിക്കുന്നതിനുള്ള എല്ലാ പഴയനിയമ യാഗങ്ങളുടെയും നിറവേറലെന്ന നിലയിൽ ദൈവത്തിന്റെ കുഞ്ഞാട് ജഡത്തിലുള്ള വചനത്തെ സൂചിപ്പിക്കുന്നു—എബ്രാ. 10:5-10:

എബ്രാ. 10:5 അതുകൊണ്ട് ലോകത്തിലേക്ക് വന്നിട്ട്, അവൻ പറയുന്നു, "യാഗവും വഴിപാടും നീ ഇച്ഛിച്ചില്ല, എന്നാൽ നീ എനിക്കായി ഒരു ശരീരം ഒരുക്കിയിരിക്കുന്നു.

എബ്രാ. 10:6 ഹോമയാഗങ്ങളിലും പാപത്തിനു വേണ്ടിയുള്ള യാഗങ്ങളിലും നീ പ്രസാദിച്ചില്ല.

എബ്രാ. 10:7 അപ്പോൾ ഞാൻ പറഞ്ഞു, ഇതാ, ഞാൻ വന്നിരിക്കുന്നു, ദൈവമേ, നിന്റെ ഹിതം ചെയ്യുവാൻ തന്നേ (പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു)."

എബ്രാ. 10:8 "യാഗങ്ങളും വഴിപാടുകളും ഹോമയാഗങ്ങളും പാപത്തിനു വേണ്ടിയുള്ള യാഗങ്ങളും നീ ഇച്ഛിച്ചില്ല അതിൽ പ്രസാദിച്ചതുമില്ല" (അവ ന്യായപ്രമാണ പ്രകാരം അർപ്പിക്കുന്നു), എന്ന് മുകളിൽ പറഞ്ഞിട്ട്,

എബ്രാ. 10:9 "ഇതാ, നിന്റെ ഹിതം ചെയ്യുവാൻ ഞാൻ വന്നിരിക്കുന്നു" എന്ന് അവൻ പറഞ്ഞു. രണ്ടാമത്തേത് സ്ഥാപിക്കേണ്ടതിന് അവൻ ആദ്യത്തേത് എടുത്തുമാറ്റുന്നു,

എബ്രാ. 10:10 ആ ഹിതത്താൽ ഒരിക്കലായുള്ള, യേശു ക്രിസ്തുവിന്റെ, ശരീരയാഗത്തിലൂടെ നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.

1. പാപയാഗം, അകൃത്യയാഗം, ഹോമയാഗം, ഭോജനയാഗം, സമാധാനയാഗം, നീരാജനാർപ്പണം, ഉദർച്ചാർപ്പണം, പാനീയയാഗം എന്നിവയുടെ യാഥാർഥ്യമാണ് ക്രിസ്തു.
2. എല്ലാ യാഗങ്ങളുമായ ക്രിസ്തുവിന്റെ പക്കൽ, നമുക്ക് ദൈവത്തിന്റെ പൂർണ്ണ വീണ്ടെടുപ്പുണ്ട്, ഈ വീണ്ടെടുപ്പിനെ നമുക്ക് അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യാം.

**V. പുതിയനിയമത്തിനായുള്ള ദൈവത്തിന്റെ ഭവനത്തിന്റെ (ബെഥേൽ—വാക്യം 51) ജൈവികമായ കെട്ടുപണിക്കുവേണ്ടി ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനത്തെ കല്ലുകളായി രൂപാന്തരപ്പെടുത്തുന്നതിന് അഭിഷേകം ചെയ്യുന്ന ആത്മാവായിത്തീരുന്നതിലൂടെ (യോഹന്നാൻ 1:32-42), ദൈവത്തിന്റെ വചനമായ ക്രിസ്തു ദൈവത്തിനുവേണ്ടി സംസാരിക്കുന്നു:**

യോഹ. 1:32 യോഹന്നാൻ സാക്ഷ്യപ്പെടുത്തി പറഞ്ഞത്, ആത്മാവ് പ്രാവെന്നപോലെ ആകാശത്തുനിന്ന് ഇറങ്ങിവരുന്നത് ഞാൻ കണ്ടു, അവൻ അവന്റെ മേൽ വസിച്ചു.

യോഹ. 1:33 ഞാനോ അവനെ അറിഞ്ഞില്ല, എന്നാൽ വെള്ളത്തിൽ സ്നാനപ്പെടുത്തുവാൻ എന്നെ അയച്ചവൻ എന്നോട്, ആരുടെമേൽ ആത്മാവ് ഇറങ്ങിവരുന്നതും വസിക്കുന്നതും നീ കാണുന്നുവോ, ഇവനാകുന്നു പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തുന്നവൻ എന്നു പറഞ്ഞു.

യോഹ. 1:34 ഇവൻ ദൈവത്തിന്റെ പുത്രനാകുന്നു എന്ന് ഞാൻ കാണുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

യോഹ. 1:35 പിറ്റെന്നാൾ യോഹന്നാൻ തന്റെ ശിഷ്യന്മാരിൽ രണ്ടുപേരോടൊപ്പം നിൽക്കുകയായിരുന്നു,

യോഹ. 1:36 യേശു നടന്നുപോകുന്നത് കണ്ടിട്ട്, ഇതാ, ദൈവത്തിന്റെ കുഞ്ഞാട്! എന്ന് അവൻ പറഞ്ഞു.

യോഹ. 1:37 അവൻ പറയുന്നത് ആ രണ്ടു ശിഷ്യന്മാർ കേൾക്കുകയും, അവർ യേശുവിനെ പിന്തുടരുകയും ചെയ്തു.

യോഹ. 1:38 യേശുവോ, തിരിഞ്ഞ് അവർ പിന്തുടരുന്നത് കണ്ടിട്ട്, അവരോട്, നിങ്ങൾ എന്ത് അന്വേഷിക്കുന്നു? എന്നു ചോദിച്ചു. റബ്ബീ (അതു മൊഴിമാറ്റം ചെയ്താൽ ഗുരോ എന്നർഥമാകുന്നു), നീ എവിടെ താമസിക്കുന്നു? എന്ന് അവർ

ചോദിച്ചു.

യോഹ. 1:39 അവൻ അവരോട്, വരുവിൻ, നിങ്ങൾ കാണും എന്നു പറഞ്ഞു. അതുകൊണ്ട് അവർ പോയി, അവൻ എവിടെ താമസിക്കുന്നു എന്നു കാണുകയും, അവനോടൊപ്പം ആ ദിവസം താമസിക്കുകയും ചെയ്തു; അത് ഏകദേശം പത്താം മണി നേരമായിരുന്നു.

യോഹ. 1:40 യോഹന്നാനിൽനിന്ന് കേട്ടിട്ട്, അവനെ പിന്തുടർന്ന രണ്ടുപേരിൽ ഒരുവൻ ശിമോൻ പത്രൊസിന്റെ സഹോദരനായ അന്ത്രെയാസ് ആയിരുന്നു.

യോഹ. 1:41 അവൻ ആദ്യം തന്റെ സ്വന്തം സഹോദരനായ ശിമോനെ കണ്ടെത്തി അവനോട്, ഞങ്ങൾ മശീഹായെ (അതു മൊഴിമാറ്റം ചെയ്താൽ ക്രിസ്തു എന്നർഥമാകുന്നു) കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞു.

യോഹ. 1:42 അവൻ അവനെ യേശുവിന്റെ അടുക്കലേക്ക് നയിച്ചു. അവനെ നോക്കിയിട്ട് യേശു, നീ യോഹന്നാന്റെ പുത്രനായ ശിമോൻ ആകുന്നു; നീ കേഫാ (അത് പത്രൊസ് എന്നു വ്യാഖ്യാനിക്കപ്പെടുന്നു) എന്നു വിളിക്കപ്പെടും എന്നു പറഞ്ഞു.

യോഹ. 1:51 അവൻ അവനോട്, സത്യമായി, സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രനുമേൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നു പറഞ്ഞു.

A. അവൻ അഭിഷേകം ചെയ്യുന്നവനും, ജീവൻ-നൽകുന്നവനും, രൂപാന്തരപ്പെടുത്തുന്നവനുമായ ആത്മാവായിത്തീരുന്നതിലൂടെ (1 കൊരി. 15:45), തന്റെ ഹൃദയാഗ്രഹമനുസരിച്ചുള്ള തന്റെ ദിവ്യോദ്ദേശ്യത്തിനുവേണ്ടി ദൈവം തന്റെ വ്യവസ്ഥ ജൈവികമായി എങ്ങനെ നിർവഹിക്കുന്നുവെന്ന്, ക്രിസ്തു കൂടുതലായി നമ്മോട് സംസാരിക്കുന്നു.

1 കൊരി. 15:45 അങ്ങനെ, “ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു” എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

B. നമ്മുടെ ആത്മാവിലുള്ള അഭിഷേകം ചെയ്യുന്ന ആത്മാവായ ക്രിസ്തുവിനു പകരമായി നമ്മുടെ ദൈനംദിന ജീവിതത്തിൽ മറ്റൊന്നിനെയും അനുവദിക്കാതിരിക്കുവാൻ നാം ജാഗരൂകരായിരിക്കണം—1 യോഹ. 2:20, 27:

1 യോഹ. 2:20 വിശുദ്ധനായവനിൽനിന്ന് നിങ്ങൾക്ക് അഭിഷേചനം ഉണ്ടല്ലോ, നിങ്ങൾ എല്ലാവരും അറിയുകയും ചെയ്യുന്നു.

1 യോഹ. 2:27 നിങ്ങൾക്കോ, അവനിൽനിന്നു പ്രാപിച്ച അഭിഷേചനം നിങ്ങളിൽ വസിക്കുന്നു, ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യവുമില്ല; എന്നാൽ അവന്റെ അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നതുപോലെ, അതു കളവല്ല സത്യം ആകുന്നു, അതു നിങ്ങളെ ഉപദേശിച്ചതു പോലെ അവനിൽ വസിക്കുവിൻ.

1. ക്രിസ്തു അഭിഷേചിക്കുന്നവനും അഭിഷേകവുമായിത്തീരുന്ന അഭിഷിക്തനാണ്; എതിർക്രിസ്തുവിന്റെ തത്ത്വത്തിൽ ജീവിക്കുകയെന്നാൽ അഭിഷേകത്തിന് എതിരായിരിക്കുക എന്നാണ് (*എതിർ* എന്നാൽ "എതിരായി" എന്നും "ഒന്നിന്റെ സ്ഥാനത്ത്" എന്നും “ഒന്നിനു പകരം" എന്നുമാണ് അർഥം)—വാ. 18, 22; 4:3; 2 യോഹ. 7.

1 യോഹ. 2:18 ഇളയവരേ, ഇത് അന്ത്യനാഴിക ആകുന്നു; എതിർക്രിസ്തു വരുന്നു എന്ന് നിങ്ങൾ കേട്ടതുപോലെ, ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ വന്നിരിക്കുന്നു; അതിനാൽ ഇത്

അന്ത്യനാഴിക എന്നു നാം അറിയുന്നു.

1 യോഹ. 2:22 യേശു ആകുന്നു ക്രിസ്തു എന്നു നിഷേധിക്കുന്നവൻ അല്ലാതെ നുണയൻ ആരാകുന്നു? പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവൻ തന്നെ എതിർക്രിസ്തു ആകുന്നു.

1 യോഹ. 4:3 യേശുവിനെ ഏറ്റുപറയാത്ത ഏത് ആത്മാവും ദൈവത്തിൽ നിന്നുള്ളതല്ല; ഇത് എതിർക്രിസ്തുവിന്റെ ആത്മാവാകുന്നു, അത് വരുന്നു എന്ന് നിങ്ങൾ കേട്ടിരിക്കുന്നു, അത് ഇപ്പോൾത്തന്നെ ലോകത്തിലുണ്ട്.

2 യോഹ. 1:7 യേശു ക്രിസ്തു ജഡത്തിൽ വന്നു എന്ന് ഏറ്റുപറയാത്ത അനേകം വഞ്ചകന്മാർ ലോകത്തിലേക്ക് പുറപ്പെട്ടു. വഞ്ചകനും എതിർക്രിസ്തുവും ഇതാകുന്നു.

2. എതിർക്രിസ്തു ആയിരിക്കുന്നത് ക്രിസ്തുവിന് എതിരായിരിക്കുന്നതും മറ്റെന്തിനെയെങ്കിലുംകൊണ്ട് ക്രിസ്തുവിനെ പകരം വയ്ക്കുന്നതുമാണ്.
3. നമ്മുടെ സ്വന്തം പെരുമാറ്റത്തിന്റെയും സ്വഭാവത്തിന്റെയുമായ എന്തെങ്കിലുംകൊണ്ട് നാം ക്രിസ്തുവിനെ പകരംവയ്ക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ പകരംവയ്ക്കുന്ന ചില കാര്യങ്ങൾ അനുവദിക്കുന്നു എന്ന അർഥത്തിൽ നാം എതിർക്രിസ്തുവിന്റെ തത്ത്വം അനുഷ്ഠിക്കുന്നു—പ്ര.നി. ഫിലി. 1:21; 4:4-9.

ഫിലി. 1:21 എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു.

ഫിലി. 4:4 കർത്താവിൽ എപ്പോഴും സന്തോഷിക്കുവിൻ; വീണ്ടും ഞാൻ പറയും, സന്തോഷിക്കുവിൻ.

ഫിലി. 4:5 നിങ്ങളുടെ സംയമനം എല്ലാ മനുഷ്യരും അറിയട്ടെ, കർത്താവ് സമീപമുണ്ട്.

ഫിലി. 4:6 ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ;

ഫിലി. 4:7 സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ ചിന്തകളെയും ക്രിസ്തു യേശുവിൽ കാക്കും.

ഫിലി. 4:8 ഒടുവിൽ സഹോദരന്മാരേ, സത്യമായതൊക്കെയും അന്തസ്സുറ്റതൊക്കെയും നീതിയായതൊക്കെയും നിർമലമായതൊക്കെയും രമണീയമായതൊക്കെയും പ്രശംസനീയമായതൊക്കെയും, എന്തെങ്കിലും നന്മയും പുകഴ്ച്ചയും ഉണ്ടെങ്കിൽ, അതൊക്കെയും എണ്ണിക്കൊള്ളുവിൻ.

ഫിലി. 4:9 നിങ്ങൾ എന്നിൽ പഠിച്ചതും പ്രാപിച്ചതും കേട്ടതും കണ്ടതുമായ കാര്യങ്ങൾ ആചരിക്കുവിൻ; സമാധാനത്തിന്റെ ദൈവമോ നിങ്ങളോടുകൂടെ ഇരിക്കും.

4. ആന്തരിക അഭിഷേകമായ ക്രിസ്തുവിനെ പകരംവയ്ക്കുവാൻ സംസ്കാരം, മതം, ധാർമ്മികത, സ്വാഭാവിക ധാരണകൾ എന്നിവയെ അനുവദിച്ചുകൊണ്ട് എതിർക്രിസ്തുവിന്റെ തത്ത്വത്തിൽ ഒരു ദൈനംദിന ജീവിതം നയിച്ചതിനായി നാം മാനസാന്തരപ്പെടേണ്ടതാവശ്യമാണ്; ഇത്

നമ്മുടെ ഉള്ളിലെ അഭിഷേകത്തിന്, ത്രിയേക ദൈവത്തിന്റെ നീക്കത്തിനും പ്രവൃത്തിക്കും സാന്ദ്രീകരണത്തിനും എതിരായിരിക്കുക എന്നാണ്.

5. "കർത്താവേ, ഞങ്ങളുടെ ഉള്ളിലുള്ള—ത്രിയേക ദൈവത്തിന്റെ നീക്കവും, പ്രവർത്തനവും, സാന്ദ്രീകരണവുമായ—അഭിഷേകത്തിലും, അഭിഷേകത്താലും, അഭിഷേകത്തിലൂടെയും ജീവിക്കുവാനും നടക്കുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു" എന്നു നാം പ്രാർഥിക്കണം.

C. അഭിഷേചിക്കുന്ന ആത്മാവെന്ന നിലയിൽ പ്രാവ് സൃഷ്ടിക്കപ്പെട്ട മനുഷ്യനെ വീണ്ടുംജനിപ്പിക്കുകയും, സ്വാഭാവിക മനുഷ്യനെ ജീവനുള്ള കല്ലുകളായി അഭിഷേകം ചെയ്യുകയും രൂപാന്തരപ്പെടുത്തുകയും, രൂപാന്തരപ്പെട്ട മനുഷ്യനുമായി ഐക്യപ്പെടുകയും ചെയ്യുന്നു.

D. പത്രൊസിന്റെ പരിവർത്തനത്തിൽ കർത്താവ് അവന് ഒരു പുതിയ പേര് നൽകി, പത്രൊസ്—ഒരു കല്ല് (യോഹ. 1:42); ക്രിസ്തുവിനെ സംബന്ധിച്ച വെളിപാട് പത്രൊസിന് ലഭിച്ചപ്പോൾ, ക്രിസ്തു പാറയാണെന്ന്—ഒരു കല്ല്—കർത്താവ് അവന് കൂടുതലായി വെളിപ്പെടുത്തിക്കൊടുത്തു (മത്താ. 16:16-18); ക്രിസ്തുവും അവന്റെ വിശ്വാസികളും ദൈവത്തിന്റെ കെട്ടിടത്തിനുള്ള കല്ലുകളാണെന്ന മതിപ്പ് ഈ രണ്ട് സംഭവങ്ങളിലൂടെ പത്രൊസിന് ലഭിച്ചു (1 പത്രൊ. 2:4-8).

യോഹ. 1:42 അവൻ അവനെ യേശുവിന്റെ അടുക്കലേക്ക് നയിച്ചു. അവനെ നോക്കിയിട്ട് യേശു, നീ യോഹന്നാന്റെ പുത്രനായ ശിമോൻ ആകുന്നു; നീ കേഫാ (അത് പത്രൊസ് എന്നു വ്യാഖ്യാനിക്കപ്പെടുന്നു) എന്നു വിളിക്കപ്പെടും എന്നു പറഞ്ഞു.

മത്താ. 16:16 ശിമോൻ പത്രൊസ് ഉത്തരം നൽകി, നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു, എന്നു പറഞ്ഞു.

മത്താ. 16:17 യേശു അവന് ഉത്തരം നൽകി, ശിമോൻ ബർയോനായേ, നീ അനുഗൃഹീതനാകുന്നു; കാരണം ജഡരക്തമല്ല നിനക്ക് ഇതു വെളിപ്പെടുത്തിയത്, സ്വർഗസ്ഥനായ എന്റെ പിതാവത്രേ.

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

1 പത്രൊ. 2:4 മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്,

1 പത്രൊ. 2:5 നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു.

1 പത്രൊ. 2:6 എന്തെന്നാൽ തിരുവെഴുത്തിൽ ഇപ്രകാരം അടങ്ങിയിരിക്കുന്നു: "ഇതാ, തിരഞ്ഞെടുത്തതും വിലയേറിയതുമായ, ഒരു മൂലക്കല്ല് ഞാൻ സീയോനിൽ ഇടുന്നു; അവന്മേൽ വിശ്വസിക്കുന്നവൻ ഒരുവിധത്തിലും ലജ്ജിക്കപ്പെടുകയില്ല."

1 പത്രൊ. 2:7 അതുകൊണ്ട് വിശ്വസിക്കുന്ന നിങ്ങൾക്കാകുന്നു ആ വിലയേറിയത്; എന്നാൽ വിശ്വസിക്കാത്തവർക്ക്," പണിയുന്നവർ തിരസ്കരിച്ച കല്ല്,

ഇത് മൂലയുടെ തല ആയിത്തീർന്നിരിക്കുന്നു,”

1 പത്രൊ. 2:8 കൂടാതെ, “ഇടർച്ചക്കല്ലും ലംഘനപ്പാറയും” ആകുന്നു; അവർ അനുസരണംകെട്ടവരായി, വചനത്തിൽ ഇടറിപ്പോകുന്നു, അതിനായിത്തന്നെ അവരെ നിയമിക്കുകയും ചെയ്തു.

**VI. സ്വർഗത്തെ (ദൈവത്തെ) ഭൂമിയിലേക്ക് (മനുഷ്യനിലേക്ക്) കൊണ്ടുവരാനും ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി ഭൂമിയെ (മനുഷ്യനെ) സ്വർഗത്തോട് (ദൈവത്തോട്) ഒന്നായി യോജിപ്പിക്കുവാനും ഗോവണിയായിത്തീർന്ന ക്രിസ്തു ദൈവത്തിന്റെ വചനമെന്ന നിലയിൽ ദൈവത്തിനുവേണ്ടി സംസാരിക്കുന്നു—യോഹ. 1:51; ഉല്പ. 28:11-22:**

യോഹ. 1:51 അവൻ അവനോട്, സത്യമായി, സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രനുമേൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നു പറഞ്ഞു.

ഉല്പ. 28:11 അവൻ ഒരു സ്ഥലത്തു എത്തിയപ്പോൾ സൂര്യൻ അസ്തമിക്കകൊണ്ടു അവിടെ രാപാർത്തു; അവൻ ആ സ്ഥലത്തെ കല്ലുകളിൽ ഒന്നു എടുത്തു തലയണയായി വെച്ചു അവിടെ കിടന്നുറങ്ങി.

ഉല്പ. 28:12 അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വെച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽകൂടി കയറുകയും ഇറങ്ങുകയുമായിരുന്നു.

ഉല്പ. 28:13 അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തതു: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും.

ഉല്പ. 28:14 നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും.

ഉല്പ. 28:15 ഇതാ, ഞാൻ നിന്നോടുകൂടെയുണ്ടു; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്കു നിന്നെ മടക്കിവരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോടു അരുളിച്ചെയ്തതു നിവർത്തിക്കും.

ഉല്പ. 28:16 അപ്പോൾ യാക്കോബ് ഉറക്കമുണർന്നു: യഹോവ ഈ സ്ഥലത്തുണ്ടു സത്യം; ഞാനോ അതു അറിഞ്ഞില്ല എന്നു പറഞ്ഞു.

ഉല്പ. 28:17 അവൻ ഭയപ്പെട്ടു: ഈ സ്ഥലം എത്ര ഭയങ്കരം! ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല; ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നേ എന്നു പറഞ്ഞു.

ഉല്പ. 28:18 യാക്കോബ് അതികാലത്തു എഴുന്നേറ്റു തലയണയായി വെച്ചിരുന്ന കല്ലു എടുത്തു തൂണായി നിർത്തി, അതിന്മേൽ എണ്ണ ഒഴിച്ചു.

ഉല്പ. 28:19 അവൻ ആ സ്ഥലത്തിന്നു ബേഥേൽ എന്നു പേർവിളിച്ചു; ആദ്യം ആ പട്ടണത്തിന്നു ലൂസ് എന്നു പേരായിരുന്നു.

ഉല്പ. 28:20 യാക്കോബ് ഒരു നേർച്ചനേർന്നു: ദൈവം എന്നോടുകൂടെ ഇരിക്കയും ഞാൻ പോകുന്ന ഈ യാത്രയിൽ എന്നെ കാക്കുകയും ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും എനിക്കു തരികയും

ഉല്പ. 28:21 എന്നെ എന്റെ അപ്പന്റെ വീട്ടിലേക്കു സൗഖ്യത്തോടെ മടക്കി വരുത്തുകയും ചെയ്യുമെങ്കിൽ യഹോവ എനിക്കു ദൈവമായിരിക്കും.

ഉല്പ. 28:22 ഞാൻ തൂണായി നിർത്തിയ ഈ കല്ലു ദൈവത്തിന്റെ ആലയവും ആകും. നീ

എനിക്കു തരുന്ന സകലത്തിലും ഞാൻ നിനക്കു ദശാംശം തരും എന്നു പറഞ്ഞു.

A. സ്വർഗത്തെ ഭൂമിയിലേക്ക് കൊണ്ടുവന്നും, ഭൂമിയെ സ്വർഗത്തോട് യോജിപ്പിച്ചും, രണ്ടിനെയും നിത്യതയോളം ഒന്നാക്കുവാൻ കഴിയത്തക്കവണ്ണം, തന്റെ വീണ്ടെടുക്കപ്പെട്ടവരും രൂപാന്തരപ്പെട്ടവരുമായ തിരഞ്ഞെടുക്കപ്പെട്ടവരെക്കൊണ്ട് സംരചിച്ച ഒരു ഭവനം ഭൂമിയിൽ ഉണ്ടായിരിക്കുവാൻ ദൈവം എത്രമാത്രം ആഗ്രഹിക്കുന്നുവെന്ന്, ബെഥേലിലെ സ്വർഗീയ ഗോവണി ആയിരിക്കുന്നതിലൂടെയും ക്രിസ്തു സംസാരിക്കുന്നു.

B. യാക്കോബിന്റെ സ്വപ്നം ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു വെളിപാടാണ്, കാരണം ദൈവഭവനമായ ബെഥേലിൽവച്ച് യാക്കോബ് കണ്ട ഗോവണിയുടെ യാഥാർഥ്യമാണ് ക്രിസ്തു—വാ. 12; യോഹ. 1:51:

ഉല്പ. 28:12 അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വെച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽകൂടി കയറുകയും ഇറങ്ങുകയുമായിരുന്നു.

യോഹ. 1:51 അവൻ അവനോട്, സത്യമായി, സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രനുമേൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നു പറഞ്ഞു.

1. ഇന്ന് ദൈവത്തിന്റെ വാസസ്ഥലമായ (എഫെ. 2:22) നമ്മുടെ വീണ്ടുംജനിച്ച ആത്മാവാണ് സ്വർഗീയ ഗോവണിയായ ക്രിസ്തുവിനെ സ്ഥാപിച്ചിരിക്കുന്ന ഭൂമിയിലെ അടിത്തറ (2 തിമൊ. 4:22).

   എഫെ. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

   2 തിമൊ. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

2. സ്വർഗത്തിന്റെ കവാടമായ, ദൈവത്തിന്റെ വാസസ്ഥലമായ, ദൈവത്തിന്റെ ഭവനമായ ബെഥേലിൽ, ഭൂമിയെ സ്വർഗത്തോട് യോജിപ്പിക്കുകയും സ്വർഗത്തെ ഭൂമിയിലേക്ക് കൊണ്ടുവരുകയും ചെയ്യുന്ന ഗോവണിയാണ് ക്രിസ്തു; തന്മൂലം, നമ്മുടെ ആത്മാവിലേക്ക് നാം തിരിയുമ്പോഴെല്ലാം, ദൈവത്തെ നമ്മിലേക്കും നമ്മെ ദൈവത്തിലേക്കും കൊണ്ടുവരുന്ന ഒരു ഗോവണിയായി നാം ക്രിസ്തുവിനെ അനുഭവിക്കുന്നു.
3. സ്വർഗീയ ഗോവണിയെന്ന നിലയിൽ ക്രിസ്തുവിന്റെ ഫലം ദൈവത്തിന്റെ കെട്ടിടമാണ്—ക്രിസ്തുവിന്റെ ശരീരമായ സഭ എന്ന ബെഥേൽ; ഈ ഗോവണിയുടെ പരിണതി പുതിയ യെരൂശലേമാണ്.

C. "കർത്താവിന്റെ മടങ്ങിവരവിന് അവന്റെ അന്വേഷകരുടെ ഉറപ്പുള്ള ഒരു കെട്ടിടം ആവശ്യമാണ്. ഈ കെട്ടിടം അവന് ഭൂമിയെ നേടുവാനുള്ള ഒരു ചവിട്ടുപടി, ഒരു സുരക്ഷിതതീരം, ആയിരിക്കുകയും, ദൈവത്തിനും മനുഷ്യനുമുള്ള ഒരു പരസ്പര വാസസ്ഥലമായിരിക്കുകയും ചെയ്യും. അത് മനുഷ്യത്വവുമായുള്ള ദിവ്യത്വത്തിന്റെയും ദിവ്യത്വവുമായുള്ള മനുഷ്യത്വത്തിന്റെയും എന്നേക്കുമുള്ള ഇഴുകിച്ചേരലായിരിക്കും....ഈ കെട്ടിടം യാക്കോബിന്റെ സ്വപ്നത്തിന്റെ മാത്രമല്ല, ദൈവത്തിന്റെ നിത്യ പദ്ധതിയുടെയും ആത്യന്തിക നിറവേറലായിരിക്കും. അത് സമയമെന്ന

പാലത്തെ അവസാനിപ്പിക്കുകയും ഭാവിയിലെ അനുഗൃഹീതമായ നിത്യതയെ ആനയിക്കുകയും ചെയ്യും. നാം ആ കെട്ടിടത്തിനുവേണ്ടി ആയിരിക്കുകയും, നാം ആ കെട്ടിടമായിരിക്കുയും വേണം!" (യോഹന്നാന്റെ ജീവപഠനം, വാല്യം 1, ദൂത് 5, രണ്ടാം പതിപ്പ്).